**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6218 07.11.2016-ൽ മറുപടിയ്ക്ക്

**പഞ്ചായത്തു സെക്രട്ടറിമാരുടെ ഡി.പി.സി. ലിസ്റ്റ്**

**ചോദ്യം** **ഉത്തരം**

**ശ്രീ. എം. വിൻസെന്റ്** **ശ്രീ. കെ.ടി. ജലീൽ**

**(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | ക്രമ നമ്പർ | ഉത്തരം |
|---|---|---|---|
| (എ) | ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ നിലവിലുള്ള ഒഴിവുകൾ മുഴുവൻ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (എ) | നിലവിൽ സ്ഥാനക്കയറ്റം മുഖേന നിയമനം നടത്തേണ്ട 184 സെക്രട്ടറി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. പ്രസ്തുത ഒഴിവുകൾ സംബന്ധിച്ച വിവരം ജില്ലകളിൽ നിന്നും പഞ്ചായത്ത് ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പഞ്ചായത്തുസെക്രട്ടറിമാരുടെ ഡി.പി.സി. അംഗീകരിച്ച ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ അതിൽ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 04.02.2016-ൽ കൂടിയ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയിൽ (ജൂനിയർ) 44 പേരുടെ പട്ടിക അംഗീകരിച്ചിരുന്നുവെങ്കിലും ബഹു. സുപ്രീംകോടതിയുടെ 13.05.2016-ലെ 13785-13786/2016 സ്പെഷ്യൽ ലീവ് പെറ്റീഷനിന്മേൽ തൽസ്ഥിതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും തുടർന്നുവന്ന വ്യവഹാരങ്ങളെത്തുടർന്നും പ്രസ്തുത ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |
| (സി) | പഞ്ചായത്തുകളിലെ ഭരണസ്തംഭനം ഒഴിവാക്കുവാൻ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവരെ താല്ക്കാലികമായി പ്രൊമോട്ട് ചെയ്ത് പഞ്ചായത്ത് സെക്രട്ടറിമാരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**